# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 6629** **09-11-2016-ൽ മറുപടിയ്ക്ക്**

## റീഫണ്ട് തുക

| | ചോദ്യം<br><br>ശ്രീ. സി. കൃഷ്ണൻ | | മറുപടി<br><br>ഡോ. ടി.എം. തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്ന് ചികിത്സാ ധനസഹായത്തിന് അപേക്ഷിച്ച് എന്നാൽ ധനസഹായം ലഭിക്കുന്നതിന് മുമ്പ് ഡിസ്ചാർജ്ജ് ചെയ്യപ്പെട്ട എത്ര പേർക്ക് സംസ്ഥാനത്തെ വിവിധ ആശുപത്രികളിലായി റീഫണ്ട് തുക അനുവദിക്കാനുണ്ട്; ആശുപത്രി തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; | (എ) | 792 പേർക്ക് റീ-ഇംപേഴ്സ്മെന്റ് തുക അനുവദിക്കാനുണ്ട്.<br>ആശുപത്രി തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.<br>മെഡിക്കൽ കോളേജ്, തിരുവനന്തപുരം -197<br>മെഡിക്കൽ കോളേജ്, കോട്ടയം-241<br>പരിയാരം മെഡിക്കൽ കോളേജ്-187<br>മെഡിക്കൽ കോളേജ്, ആലപ്പുഴ-16<br>മെഡിക്കൽ കോളേജ്, കോഴിക്കോട്-16<br>മെഡിക്കൽ കോളേജ്, തൃശ്ശൂർ-16<br>ഡിസ്ട്രിക്ട് ഹോസ്പിറ്റൽ, എറണാകുളം-2<br>ജനറൽ ഹോസ്പിറ്റൽ, എറണാകുളം-7<br>മലബാർ ക്യാൻസർ സെന്റർ, തലശ്ശേരി-2<br>ശ്രീ ചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് ആന്റ് ടെക്നോളജി, തിരുവനന്തപുരം-59<br>ആർ.സി.സി.തിരുവനന്തപുരം-47<br>തിരൂർ ഡിസ്ട്രിക്ട് ഹോസ്പിറ്റൽ-1<br>ട്രൈബൽ ഹോസ്പിറ്റൽ, നല്ലൂർനാട്, വയനാട് - 1 |
| (ബി) | പരിയാരം മെഡിക്കൽ കോളേജ്/ഹൃദയാലയയിൽ മാത്രം എത്രപേർക്ക് ഈ ഇനത്തിൽ തുക അനുവദിക്കുന്നുണ്ട്; ഇവരുടെ പേരും തുകയും എത്രയാണെന്ന് അറിയിക്കുമോ: | (ബി) | പരിയാരം മെഡിക്കൽ കോളേജിൽ 187 പേർക്ക് തുക അനുവദിക്കാനുണ്ട്. അപേക്ഷകർ ഹാജരാക്കുന്ന, ഡോക്ടർ സാക്ഷ്യപ്പെടുത്തിയ മെഡിക്കൽ ബില്ലുകളുടെ അടിസ്ഥാനത്തിലാണ് റീഇംബേഴ്സ്മെന്റ് തുക കണക്കാക്കുന്നത്. ആയതിന്റെ നടപടികൾ പുരോഗമിക്കുന്നു. ഇവരുടെ റീ-ഇമ്പേഴ്സ്മെന്റ് തുക അംഗീകരിച്ചു വന്നശേഷം മാത്രമേ കൃത്യമായി തുക കണക്കാക്കുവാൻ സാധിക്കുകയുള്ളു. പേര് വിവരം അനുബന്ധമായി ചേർക്കുന്നു. |

| | | | |
|---|---|---|---|
| (സി) | റീഫണ്ട് തുക നല്കുന്നതിന് സർക്കാർ എന്ത് നടപടികളാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ? | (സി) | നിലവിൽ ഗവൺമെന്റ് മെഡിക്കൽ കോളേജിലെ ചികിത്സയ്ക്ക് റീ-ഇമ്പേഴ്സ്മെന്റ് നൽകി വരുന്നുണ്ട്. തൃതല ആശുപത്രികളായ പരിയാരം മെഡിക്കൽ കോളേജ്, കണ്ണൂർ;<br>ശ്രീ ചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് ആന്റ് ടെക്നോളജി, തിരുവനന്തപുരം;<br>റീജിയണൽ കാൻസർ സെന്റർ, തിരുവനന്തപുരം;<br>മലബാർ കാൻസർ സെന്റർ, തലശ്ശേരി എന്നീ ആശുപത്രികൾക്ക് റീ-ഇമ്പേഴ്സ്മെന്റ് നൽകുന്നതിൽ ചില അവ്യക്തതകൾ നിലനിന്നിരുന്നു. ആയതിൽ വ്യക്തത വരുത്തി G.O.(Rt)No.822/2016/TD, തീയതി 23/10/2016 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. റീ-ഇമ്പേഴ്സ്മെന്റ് തുക നൽകുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം വെബ്സൈറ്റിൽ ലഭ്യമാണ്